KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY AND VIGILANCE



# JAGRATHA NEWS

220th Issue, Volume No.6 20th February 2012

# ജാഗ്രത

## പ്രധാന വാർത്തകൾ

മാധ്യമങ്ങൾ സാധ്യമാക്കുന്ന സ്നേഹ സംസ്കാര നിർമിതി.

റവ.ഫാ. കുര്യാക്കോസ് മുണ്ടാടൻ

അഴിമതിയുടെ വേരുകൾ നശിപ്പിക്കാൻ സാധിക്കുമോ?

റവ.ഫാ.ജോസ് കുറിയേടത്ത് സി.എം.ഐ

മടങ്ങി വരാത്ത കുട്ടികൾ.

ഒറ്റയ്ക്ക് കഴിയുന്ന വൃദ്ധരുടെ സുരക്ഷ.

കേരളത്തിൽ എച്ച് ഐ വി ബാധിതർ; കുടുതൽ പാലക്കാട്ടും തൃശൂരും.

ആഫ്രിക്കയിൽ പട്ടിണി ; അനുദിനം മരിച്ചു വീഴുന്നത് ഇരുനൂറിലധികം കുഞ്ഞുങ്ങൾ.

ഗോഡ്സേ ശരിയെന്നു സ്ഥാപിക്കാൻ ഗാന്ധി ചിത്രം ഉപയോഗിക്കുന്നവർ.

റവ.ഫാ. ഫിലിപ്പ് നെല്പൂരപറമ്പിൽ

Chairman
Bp. Mar Thomas Chakiath

Vice Chairmen
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

Secretary
Fr. Josey Ponnambel MSFS

Pastoral Orientation Centre, Palarivattom, Kochi -25, Ph: 0484- 2806262, kcbcshvj@gmail.com

# മാധ്യമങ്ങൾ സാധ്യമാക്കുന്ന സ്നേഹസംസ്കാര നിർമിതി

മനുഷ്യന്റെ ജനനവും മരണവും എന്നും വാർത്തയാണ്. ആധുനികലോകത്തിലാകട്ടെ അവന്റെ സകല വ്യവഹാരങ്ങളും മാധ്യമങ്ങളുടെ പരിധിയിൽപെടുന്നു. വിവരസാങ്കേതികതയുടെ ഇന്നത്തെ ലോകത്തിൽ നാം ഉണരുന്നതും ഉറങ്ങുന്നതും വാർത്തകളുടെയും വാർത്താവിശേഷങ്ങളടെയും കോലാഹലത്തിലാണ്. അത്രയ്ക്കു നമ്മുടെ അനുദിനജീവിതത്തിന്റെ ഭാഗമായി മാധ്യമങ്ങൾ മാറിയിരിക്കുന്നു. മതവും രാഷ്ട്രീയവും സിനിമയും കാലാവസ്ഥയും, സംസ്കാരവും എല്ലാമെല്ലാം ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ നമ്മുടെ അടുക്കളയിലും കിടപ്പുമുറിയിലും ആശയവിനിമയത്തിന്റെ ദൃശ്യങ്ങളും കേൾവിയുമായി മാറിക്കഴിഞ്ഞു. രാവിലെ പ്രാതലിനോടൊപ്പം പത്രങ്ങളിലെ വാർത്തകളും വാർത്താവിശേഷങ്ങളും ഭുജിക്കുന്ന മലയാളികളാകട്ടെ പക്ഷേ, ഇന്നു മാധ്യമങ്ങളുടെ ആരാധകർ മാത്രമല്ല ഇരകളുമാണ്. വാർത്തകൾ പലപ്പോഴും വാർത്തകളേ അല്ലാതാകുന്നു. 'നിങ്ങൾ പത്രം വായിച്ചില്ലെങ്കിൽ നിങ്ങൾക്കു വിവരമുണ്ടാവുകയില്ല, വായിച്ചാലോ തെറ്റായ വിവരങ്ങളായിരിക്കും ലഭിക്കുക' എന്ന മാർക് ട്വെയിനിന്റെ വാക്കുകൾ ഇന്നത്തെ മാധ്യമങ്ങളെക്കുറിച്ചു വളരെ ശരിയാണ്. കാണുന്നതുകൊണ്ടും കേൾക്കുന്നതുകൊണ്ടും ഗ്രഹിക്കുന്നതുകൊണ്ടും പ്രയോജനപ്പെടണമെന്നില്ല. സവിശേഷ സിദ്ധിയായ വിവേകംകൊണ്ട് അരിച്ചില്ലെങ്കിൽ വാർത്താവിതരണ 'കാർമികരാ'യി മാറുന്ന ടി.വി.യിലെ അവതാരകരും പത്രത്തിലെ ലേഖകരും പ്രേക്ഷകരെയും വായനക്കാരെയും വഞ്ചിക്കാനിടയുണ്ട്.

സമൂഹത്തിന്റ ഇന്നത്തെ അഴിഞ്ഞ സ്ഥിതിക്കും മൂല്യച്യുതിക്കും മാധ്യമങ്ങളെ കുറ്റപ്പെടുത്തുമ്പോഴും ഒരു കാര്യം നാം അറിയേണ്ടതായിട്ടുണ്ട്. ലോകത്തിലെ ഒരു മാധ്യമോപാധിയും തനിയെ പ്രവർത്തിക്കുന്നവയല്ല. അതിന്റെ പിന്നിൽ മനുഷ്യന്റെ ബുദ്ധിയും, ഭാവനയും ഉണ്ട്. അതിനാൽ മാധ്യമങ്ങളുടെ ധാർമികത എന്നു പറയുന്നത് അത് രൂപപ്പെടുത്തുന്നവരുടെയും ഉപയോഗിക്കുന്നവരുടേതുമായ ധാർമികത തന്നെയാണ്. നമ്മുടെ ലോകത്തിലെ സകല പുരോഗതിയുടെയും ചുക്കാൻ പിടിക്കുന്നതും ലോകത്തെ കേവലം ഗ്രാമമാക്കി പരിണമിപ്പിക്കുന്ന മാധ്യമങ്ങൾ തന്നെയാണ്. അക്ഷരങ്ങളുടെയും ദൃശ്യങ്ങളുടെയും ലോകം നമ്മുടെ ബുദ്ധിക്കും മനസ്സിനും വൈകാരികതയ്ക്കും ഒട്ടേറെ ഗുണങ്ങൾ ചെയ്യുന്നു. പക്ഷേ, ശരിയായി ഉപയോഗിച്ചില്ലെങ്കിൽ സത്ചിന്തകൾക്കും സനാതനമൂല്യങ്ങൾക്കും മാധ്യമങ്ങൾ തടയിടുമെന്നു മാത്രമല്ല നമ്മുടെ സ്വത്വവും സ്വാതന്ത്ര്യവും സത്യവും ധാർമികതയുമൊക്കെ അവ ഇല്ലാതാക്കുകയും ചെയ്യും. കാലത്തിന്റെ പ്രയാണത്തിൽ പുതിയ മാനങ്ങളിലെത്തുന്ന മാധ്യമങ്ങളെ അറിഞ്ഞും ഉപയോഗിച്ചും നന്മയുടെ ദൗത്യവാഹകരാകാനാണ് നമ്മുടെ വിളി.

**(തുടരും.......)**

**കുര്യാക്കോസ് മുണ്ടാടൻ**

# അഴിമതിയുടെ വേരുകൾ നശിപ്പിക്കാൻ സാധിക്കുമോ?

ജോസ് കുറിയേടത്ത് സി.എം.ഐ

**(കഴിഞ്ഞലക്കം തുടർച്ച....)**

**ധർമ്മത്തിന്റെ തളർച്ച**

കൈക്കൂലിക്കു പുറമെ, അവയേക്കാൾ ഗൗരവതരങ്ങളായ മറ്റു പലവിധ അഴിമതികളും ഇന്നു സമൂഹത്തിൽ ഉണ്ടല്ലോ. മുകളിൽ സൂചിപ്പിച്ചതുപോലെ, നികുതിവെട്ടിപ്പ്, പണം പെട്ടെന്നു വർദ്ധിപ്പിക്കാനെന്ന വ്യാജേന നടക്കുന്ന പലവിധ തട്ടിപ്പുകൾ, വിവിധതരം വഞ്ചനകൾ, കള്ളപ്പണം, കരാറുകളിലെ കമ്മീഷനുകൾ, കിക്ക്ബാക്കുകൾ മുതലായവ ഇക്കൂട്ടത്തിൽ പെടുന്നു. ഇവയുടെ വേരുകൾ തിരയാൻ മുകളിൽ പറഞ്ഞവയ്ക്കുപുറമെ, കുറച്ചുകൂടി ആഴത്തിൽ അന്വേഷിക്കേണ്ടിയിരിക്കുന്നു.

വ്യക്തികളെ വഞ്ചിക്കുന്നത് തെറ്റാണെന്നു വിചാരിക്കുന്നവർ പോലും സമൂഹത്തെ അഥവാ സർക്കാരിനെ നികുതിയിനത്തിലും മറ്റും വഞ്ചിക്കുന്നത് അധാർമികമായി കാണുന്നില്ലെന്ന ഒരു വിരോധാഭാസം ഇന്നു മനുഷ്യരുടെ ധാർമിക ചിന്തയിൽ നിലനിൽക്കുന്നുണ്ട്. നീതിയെക്കുറിച്ചും ധാർമ്മികതയെക്കുറിച്ചുമുള്ള വ്യക്തിനിഷ്ഠം മാത്രമായ (സമൂഹനിഷ്ഠമല്ലാത്ത) മനോഭാവമാണ് ഇതിന്റെ പ്രധാന കാരണം. സാർവത്രിക സമൂഹത്തെ മുഴുവൻ ബാധിക്കുന്ന അഥവാ ആശ്ലേഷിക്കുന്ന നീതിദർശനം പോയിട്ട് സമൂഹദർശനംതന്നെ ഹൈന്ദവ സംസ്ക്കാരത്തിൽ വേരുറച്ചിട്ടില്ല എന്നു മുകളിൽ സൂചിപ്പിച്ചുവല്ലോ. ക്രൈസ്തവ ധർമസിദ്ധാന്തങ്ങളിലും അടുത്തകാലംവരെ സാമൂഹ്യനീതിയെക്കുറിച്ചുള്ള പഠനങ്ങൾ തീരെ ബലഹീനങ്ങളായിരുന്നു. നീതി എന്നതുകൊണ്ടു വ്യക്തിബന്ധങ്ങളിലെ നീതിയാണു പ്രധാനമായും ഉദ്ദേശിച്ചിരുന്നത്. ഇന്നും സാധാരണ ജനങ്ങളുടെ മനസ്സിൽ അത്തരമൊരു നീതിബോധമേ ശക്തിയായിട്ട് ഉറച്ചിട്ടുള്ളു. വല്ലവനും വല്ലപ്പോഴും അനീതിയെക്കുറിച്ചു കുറ്റബോധം തോന്നി പശ്ചാത്തപിക്കുന്നതു കണ്ടിട്ടുണ്ടെങ്കിൽ, അതെല്ലാംതന്നെ വ്യക്തികളോടു കാണിച്ചിരിക്കുന്ന അനീതിയെപ്പറ്റിയാണ്, അല്ലാതെ സമൂഹത്തോടു ചെയ്തിരിക്കുന്ന അനീതിയെക്കുറിച്ചല്ല.

ഇതിനെല്ലാം പുറമെ, കാശുകാരനും വലിയവനുമാകാൻ ആഗ്രഹമുള്ളവരുടെ എണ്ണവും അവയ്ക്കുള്ള അവസരങ്ങളും തമ്മിലുള്ള അസന്തുലിതാവസ്ഥ ഏറെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആധുനികകാലത്ത്, വ്യക്തിപരതയും ജയിക്കാൻവേണ്ടിയുള്ള മത്സരവും വ്യാപകമായിത്തീരുന്നു. ഏതു മാർഗം ഉപയോഗിച്ചിട്ടായാലും ജയിക്കണമെന്ന ഒറ്റ ലക്ഷ്യം മാത്രം മുന്നിൽ കാണാനിടവരുന്നു. തത്ഫലമായി, സമൂഹത്തെയും പരസ്പരബന്ധങ്ങളെയും യോജിപ്പിച്ചു കെട്ടിനിർത്തുന്ന ധാർമികതയുടെ കെട്ടുകളും ചട്ടങ്ങളും തുലോം ബലഹീനമായിത്തീരുകയും അവയുടെ കെട്ടുപൊട്ടിച്ച്, മനുഷ്യനിലെ മൃഗം കുടുതൽ ശക്തിയോടെ പുറത്തുവരുകയും ചെയ്യുന്നു. അതോടെ, ജയിക്കാൻ എന്തു മാർഗവും സ്വീകരിക്കാൻ ആർക്കും മടിയില്ലാതായിത്തീരുന്നു.

അപരനെ വേദനിപ്പിക്കരുത് എന്ന ധാർമികചിന്തയൊക്കെ പോയിമറഞ്ഞ്, അതിനുപകരം അവനെ തന്റെ ഉയർയ്ച്ചക്കുള്ള ചവിട്ടുപടിയായി കാണാൻ തുടങ്ങുന്നു. അത്തരക്കാരാണ് മറ്റുള്ളവരെ ചതിക്കുകയും കബളിപ്പിക്കുകയും ചെയ്തു പണം ഉണ്ടാക്കുന്നതിൽ യാതൊരു മനസാക്ഷിക്കടിയും തോന്നാത്തവർ. ചുരുക്കത്തിൽ, സമൂഹത്തിൽ പടർന്നുകൊണ്ടിരിക്കുന്ന മൂല്യച്ചുതിയാണ് അഴിമതി വർദ്ധിക്കാൻ അടിസ്ഥാന കാരണം.

പരമ്പരാഗത സമൂഹങ്ങളിൽ, പണ്ടുകാലത്ത് മനുഷ്യർ തങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ മാത്രമേ നിറവേറ്റിയിരുന്നുള്ളു. കാരണം, ഒന്നാമതായി, അത്രയ്ക്കേ അവർക്കു അവയെപ്പറ്റി അവബോധമുണ്ടായിരുന്നുള്ളു. വിദ്യാഭ്യാസംതന്നെ തീരെ കുറവായിരുന്നല്ലോ അക്കാലങ്ങളിൽ. വിദ്യാഭ്യാസവും അറിവും വർദ്ധിക്കുന്നതിനനുസരിച്ചാണല്ലോ ആളുകളുടെ ആത്മാവബോധം ആഴപ്പെടുന്നത്. ഇന്നും ഉത്തരേന്ത്യയിലെ പല ഉൾനാടൻ പ്രദേശങ്ങളിലും പ്രാഥമികാവശ്യങ്ങൾ മാത്രം നിറവേറ്റി സംതൃപ്തിയോടെ ജീവിക്കുന്ന അനേകകോടികൾ ഉണ്ടല്ലോ. ഇതിനു പുറമെ, അക്കാലങ്ങളിൽ, വല്ലവർക്കും തങ്ങളുടെ ആവശ്യങ്ങളെക്കുറിച്ച് ഉയർന്ന അവബോധം ഉണ്ടായിരുന്നെങ്കിൽത്തന്നെ ആ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ട ഉപഭോഗ വസ്തുക്കൾ അന്നു ലഭ്യമല്ലായിരുന്നു. ശാസ്ത്രവും സാങ്കേതികവിദ്യയും വ്യവസായങ്ങളും വികസിച്ചിട്ടില്ലാതിരുന്ന അക്കാലത്ത് ഇന്നത്തെപ്പോലെ ജീവിതത്തെ കൂടുതൽ സൗകര്യപ്രദവും ആസ്വാദ്യകരവും ആക്കാനുതകുന്ന ഉപഭോഗവസ്തുക്കൾ ആരും ഉണ്ടാക്കുന്നില്ലായിരുന്നു. അതുകൊണ്ട് കാശുണ്ടെങ്കിൽപോലും ഒട്ടുമിക്കവർക്കും അതുപയോഗിക്കാൻ മാർഗങ്ങളില്ലായിരുന്നു. സമൂഹത്തിലെ ഏറ്റവും ഉന്നതശ്രേണിയിലുള്ള വളരെക്കുറച്ചുപേർക്കു മാത്രമേ ദുർലഭമായി അത്തരം മാർഗങ്ങളുണ്ടായിരുന്നുള്ളു. അതാകട്ടെ, പലപ്പോഴും ഇറക്കുമതിചെയ്ത വിദേശവസ്തുക്കളുടെ സഹായത്തോടുകൂടിയും. അതുകൊണ്ടുതന്നെ ഒരുപരിധിക്കപ്പുറം കാശുണ്ടാക്കാൻ പോലും ഇന്നത്തേപ്പോലെ ഒട്ടുമിക്ക ആളുകൾക്കും ആർത്തിയില്ലായിരുന്നു. മാത്രമല്ല, വ്യവസായവും വ്യാപാരവും വികസിച്ചിട്ടില്ലാതിരുന്ന അക്കാലത്ത്, വളരെ വേഗത്തിൽ അധികം പണമുണ്ടാക്കാനും എളുപ്പമായിരുന്നില്ല. കൃഷിയിൽനിന്നുള്ള വരുമാനം എക്കാലത്തും എല്ലായിടത്തും പരിമിതമായിരുന്നല്ലോ. ഇന്നും കൃഷിയിലൂടെ ഒരാൾക്കു പെട്ടെന്നു പണക്കാരനാകാൻ സാധിക്കില്ലല്ലോ. എന്നാൽ, വ്യവസായത്തിന്റെയും വ്യാപാരത്തിന്റെയും സ്വഭാവം അതല്ല. ഇവയെ സാഹചര്യങ്ങൾ സഹായിച്ചാൽ അതിവേഗം വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗങ്ങളാക്കി മാറ്റാം. അങ്ങനെ ഉണ്ടാക്കുന്ന വരുമാനംകൊണ്ട് ഇന്നത്തെ ചുറ്റുപാടിൽ, ജീവിതസൗകര്യങ്ങൾ പെട്ടെന്നു വർദ്ധിപ്പിക്കുകയും ചെയ്യാം.

(തുടരും........)

## മടങ്ങിവരാത്ത കുട്ടികൾ

ഓരോ നാലു സെക്കന്റിലും ഒരു കുട്ടി. ഓരോ മിനിറ്റിലും 14. മണിക്കൂറിലും അതിനോട് ചേരുന്നൊരുനുപാതത്തിൽ. കണക്ക് ദിവസത്തിലെത്തുമ്പോൾ 21000 എന്നൊരായിരക്കണക്കാണ് പറയാനുള്ളത്. ഇതൊരു മരണക്കണക്കാണെന്നാണെന്നറിയുമ്പോഴാണ് ഞെട്ടലിന്റെ തീവ്രത വെളിപ്പെടുക. അതും ജീവിതത്തിലേക്ക് വഴിനടന്നു തുടങ്ങുന്ന കുട്ടികൾ.

മരണത്തെക്കുറിച്ചുള്ള പറച്ചിലുകൾക്കും അക്കങ്ങളുടെ എണ്ണങ്ങൾക്കും കേട്ടുമറക്കുന്ന മറ്റെല്ലാ സംഭവങ്ങളേയും പോലെ പ്രസക്തി നഷ്ടപ്പെടുന്നുണ്ട് സ്വന്തം ശരീരത്തിലുള്ള മുറിവിന് ആഴം കൂടുമെന്ന തിരിച്ചറിവുപോലെ മരണവുമായി ബന്ധപ്പെട്ടവർക്ക് നഷ്ടവും ആകുലതയും ബാക്കിയാകും. ബാക്കിയെല്ലാം നേരത്തെപ്പറഞ്ഞ കേട്ടുമറവിയും അക്ഷരങ്ങളും അക്കങ്ങളും ചേർന്ന് നൽകുന്ന വിങ്ങൽ ഇല്ലാതാകും കുട്ടികളുടെ മരണസംഖ്യയുടെ വെളിപ്പെടുത്തൽ ഗൗരവബുദ്ധിയിൽ ആലോചിക്കുകയും പഠിക്കുകയും നടപടിയെടുക്കാൻ വൈകരുതാത്തതുമാകുന്നു.

14 വയസ്സിന് താഴെയുള്ള കുട്ടികളാണ് അധികവും കൊല്ലപ്പെടുകയും ജയിലടക്കപ്പെടുകയും ചെയ്തത്. വിവിധ മനുഷ്യാവകാശ സംഘടനകൾ നൽകിയ കണക്കുകൾ, ഡോക്ടർമാർ, ആശുപത്രി രേഖകൾ, കൊല്ലപ്പെട്ട ഇരകളുടെ ബന്ധുക്കൾ എന്നിവരിൽ നിന്നും ലഭിച്ച കണക്കുകളുടെ അടിസ്ഥാനത്തിലാണ് യൂണിസെഫിന്റെ ഈ വെളിപ്പെടുത്തൽ. മധ്യവർഗവും അതിനു മുകളിലൊരു വിഭാഗവും പുരോഗതിയും സാധ്യമാകുമ്പോഴും ദാരിദ്ര്യമെന്ന വലിയ സത്യം അവശേഷിക്കുന്നുണ്ട്. ഉത്പാദനം വേണ്ട വിധേന ആവാത്തതും വികസനത്തിന്റെ അപര്യാപ്തതയുമെല്ലാം ദരിദ്രർ കൂടുതൽ ദരിദ്രരാക്കപ്പെടുന്നതിന് കാരണമാകുന്നുണ്ട്. എളുപ്പം കീഴടുക്കുന്ന രോഗങ്ങളും അവ പടർന്നുപിടിക്കുന്നതും അതതു സമയങ്ങളിൽ ലഭിക്കേണ്ടുന്ന കുത്തിവയ്പുകൾ ലഭിക്കാതെയും കൂടി വരുമ്പോൾ കുട്ടികൾ അരക്ഷിതരാകുക തന്നെയാണ്. എത്രയെത്ര നവീനതയുടെ വഴിയിലേക്ക് ലോകം പൊയ്ക്കൊണ്ടിരിക്കുമ്പോഴും ചില സത്യങ്ങൾ തലപൊക്കിക്കൊണ്ടേയിരിക്കും. കൂടുതൽ ചർച്ചകൾ വരേണ്ട ഒരോർമ്മപ്പെടുത്തലാണ് ഈ കുട്ടികളുടേത്. മരണത്തിനിരയാകുന്നത് കുട്ടികൾ മാത്രമാണെന്ന് ഇവിടെ അർഥമാക്കുന്നില്ല. ജീവിച്ചു തുടങ്ങുമ്പോഴേ ഇല്ലാതാകുന്ന അവസ്ഥ ഭീതിദമാണ്. അത് ലോകത്തിന്റെ മുന്നോട്ടുള്ള വഴിയിലേക്കു കൂടി ചേർത്തു ചിന്തിക്കുമ്പോൾ ഭീതിദാവസ്ഥയ്ക്ക് ആക്കം കൂടുന്നു. തിരിച്ചുവരാത്ത ഉണ്ണികൾ ഒറ്റക്കോളത്തിലൊതുങ്ങി നാമാവശേഷമാകരുത്. അവർക്ക് സുരക്ഷിതമായി ജീവിക്കാനുള്ള തണലും അവസ്ഥയും മാർഗവുമൊരുക്കിക്കൊടുക്കേതുണ്ട്.

## ഒറ്റയ്ക്ക് കഴിയുന്ന വൃദ്ധരുടെ സുരക്ഷ

വൃദ്ധരുടെ നിസ്സഹായതയും ഒറ്റപ്പെടലും കേരളത്തിൽ ഒരു സാമൂഹിക പ്രശ്നമായി വളർന്നുകൊണ്ടിരിക്കുകയണ്. ഗ്രാമ-നഗര വ്യത്യാസമില്ലാതെ വീടുകളിൽ ഒറ്റയ്ക്ക് കഴിയുന്ന വൃദ്ധരുടെ സംഖ്യ ചെറുതൊന്നുമല്ല.

അങ്ങനെ നിസ്സഹായരായി കഴിയുന്നവരുടെ ഒരു സ്ഥിതിവിവരക്കണക്ക് സംസ്ഥാനതലത്തിൽ ആരെങ്കിലും ശേഖരിച്ചതായി വിവരമില്ല. എങ്കിലും എല്ലാ ദേശത്തും അത്തരം നിരാലംബ വാർദ്ധക്യങ്ങൾ വർദ്ധിച്ചുവരികയാണ്. ഇങ്ങനെ ഒറ്റയ്ക്ക് കഴിയുന്നവരുടെ ജീവനുപോലും ഭീഷണി ഉയർന്നിരിക്കുന്നു.

വൃദ്ധരെയും കുഞ്ഞുങ്ങളെയും സംരക്ഷിക്കേണ്ടത് ഏത് സമൂഹത്തിന്റെയും പൊതു ബാധ്യതയാണ്.നിസ്സഹായർക്ക് ആശ്വാസകരം നീട്ടുകയെന്ന മാനുഷികധർമം മറന്നുപോകുന്ന മലയാളി മനുഷ്യത്വത്തിന്റെ ഒരു മഹാഗുണമാണ് നഷ്ടപ്പെടുത്തുന്നത്. കുഞ്ഞുങ്ങൾ ബാധ്യതയോ വൃദ്ധർ നമുക്ക് ചണ്ടിയോ അല്ല. കുടുംബത്തിന്റെ മുത്തശ്ശി അനുഭവസമ്പത്തിന്റെയും അനേകം കഥകളുടെയും നിറകുടമാണ്. പൗരന്റെ സ്വത്തിനും ജീവനും സംരക്ഷണം നൽകേണ്ട പൊലീസ് കേരളത്തിൽ ഏകാകികളായി ജീവിക്കുന്ന വൃദ്ധരുടെ ഒരു പട്ടിക തയ്യാറാക്കേണ്ടിയിരിക്കുന്നു. സംരക്ഷണം ആവശ്യമുള്ളവർക്ക് അത് നൽകാനുള്ള ചുമതലയും പൊതുസമൂഹം ഏറ്റെടുക്കണം.

## സ്ത്രീകളെ തട്ടികൊണ്ടുപോകൽ: കൊല്ലവും തൃശ്ശൂരും മുന്നിൽ

സ്ത്രീകൾക്കെതിരെ ഭർത്താക്കൻമാരും ബന്ധുക്കളും നടത്തുന്ന കുറ്റകൃത്യങ്ങളിൽ മലപ്പുറമാണ് ഒന്നാമത്. തൊട്ടുപിന്നാലെ തൃശൂർ, കൊല്ലം ജില്ലകളുണ്ട്. സംസ്ഥാന പൊലീസിന്റെ ക്രൈം റെക്കോർഡ്സ് റിപ്പോർട്ടിലാണ് ഇക്കാര്യം പ്രതിപാദിക്കുന്നത്. കൊല്ലം നഗരത്തിലും തൃശൂർ നഗരത്തിലുമായി തട്ടിക്കൊണ്ടുപോയത് 11 വീതം സ്ത്രീകളെയാണ്. കൊല്ലം റൂറലിനെ അപേക്ഷിച്ച് തൃശൂർ റൂറലാണ് മുന്നിൽ. തൃശൂർ റൂറലിൽ -3 കൊല്ലം റൂറലിൽ -2. തട്ടിക്കൊണ്ടുപോയത് ഏറ്റവും കുറവ് കണ്ണൂരിലാണ്. കഴിഞ്ഞവർഷം ഒരുസ്ത്രീ മാത്രമാണ് കണ്ണൂരിൽ തട്ടിക്കൊണ്ടുപോകലിനു വിധേയമായത്. എറണാകുളത്തും തട്ടിക്കൊണ്ടുപോകൽ കുറവാണ്-2.

## ബലാൽസംഗം: നിയമം അയയുന്നുവോ?

കൊലപാതകി അയാളുടെ ഇരയുടെ ഭൗതികശരീരം മാത്രമാണ് നശിപ്പിക്കുന്നത്. ഒരു ബലാൽസംഗത്തിൽ നിസ്സഹായരായ ഒരു സ്ത്രീയുടെ ആത്മാവ് തന്നെ നശിപ്പിക്കപ്പെടുകയാണ് -എന്നുപറഞ്ഞത് സുപ്രീംകോടതിയാണ്. ബലാൽസംഗത്തെ മറ്റ് കുറ്റകൃത്യങ്ങളിൽ നിന്ന് വേർതിരിച്ചു കാണേണ്ടതാണെന്ന തിരിച്ചറിവ് കോടതികൾ ഏറെക്കാലമായി പ്രകടിപ്പിക്കാറുണ്ട് എന്നാൽ അടുത്തിടെയുണ്ടായ ചില വിധികളും ഉന്നത നിയമജ്ഞരുടെ വെളിപാടുകളും കോടതികളുടെ സമീപനത്തിലെ മാറ്റം പ്രകടമാക്കുന്നു. ഒത്തു തീർക്കാവുന്ന തർക്കമായും ഇരയെ വിവാഹം കഴിച്ചാൽ തീരുന്ന പാപമായും കോടതികൾ ബലാൽസംഗത്തെ നിർവചിച്ചു തുടങ്ങി.

## ഇന്ത്യ ഇ-മാലിന്യ ഭീഷണിയിലെന്ന് യു.എൻ

2020 ആകുമ്പോഴേക്കും രാജ്യത്ത് ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകളുടെ സംഖ്യ 500 ശതമാനം വർധിക്കുമെന്ന് മുന്നറിയിപ്പ്. ഇന്ത്യയുൾപ്പെടെയുള്ള വികസ്വരരാഷ്ട്രങ്ങൾ ഗുരുതരമായ ഇലക്ട്രോണിക് മാലിന്യ ഭീഷണി നേരിടുകയാണെന്നും അതിനെതിരെ അടിയന്തര നടപടി വേണമെന്നും ഐക്യരാഷ്ട്രസഭ മുന്നറിയിപ്പ് നൽകി. സമ്പന്നരാഷ്ട്രങ്ങളിലും ദരിദ്ര രാഷ്ട്രങ്ങളിലും ഉപഭോക്താക്കൾ പഴയവ ഉപേക്ഷിച്ച് പുതിയ ഉപകരണങ്ങൾ വാങ്ങുക വഴിയാണ് ഇ-മാലിന്യം വർധിക്കുന്നത്.

സമ്പന്നരാഷ്ട്രങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന കമ്പ്യൂട്ടറുകളും മൊബൈൽഫോണുകളും മറ്റും എത്തുന്നത് ഇന്ത്യയുൾപ്പെടെയുള്ള ദരിദ്ര രാഷ്ട്രങ്ങളിലാണ്. അതാണ് അത്തരം രാഷ്ട്രങ്ങളിൽ ഇ-മാലിന്യഭീഷണി വർധിക്കാൻ കാരണം.

## തെളിയാത്ത കൊലപാതകക്കേസുകൾ നിരവധി; അനക്കമില്ലാതെ പോലീസ്

ഉന്നത ഉദ്യോഗസ്ഥർ തന്നെ ലോക്കൽ പോലീസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തണം. ഓരോ പോലീസ് സ്റ്റേഷനിലും രജിസ്റ്റർ ചെയ്യപ്പടുന്ന കേസുകൾ എത്രയെന്നും എത്ര കേസുകളിൽ പ്രതികളെ പിടികൂടിയെന്നും ഉന്നത പോലീസ് ഉദ്യോഗസ്ഥർ ചോദിച്ചറിയണം. കേസന്വേഷണവും ഉയർന്ന പോലീസ് കുറ്റവാളികളുമായി ബന്ധംവെക്കുന്ന

പോലീസുകാർക്കെതിരെ നടപടിയെടുക്കണം. പോലീസ് സ്റ്റേഷനുകളിലെ പോലീസുകാരെക്കുറിച്ച് പൊതുജനങ്ങൾക്ക് പരാതി നൽകാൻ സംവിധാനമുണ്ടാകണം.

## മനോരോഗികൾ: സമൂഹം ഒരു ശാപമായി കാണുന്നു.

മനോരോഗികളുടെയും ബുദ്ധിവൈകല്യമുള്ളവരുടെയും സമഗ്രമായ പുനരധിവാസം സാധ്യമാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി നിയമങ്ങൾ പാസാക്കിയിട്ടുണ്ടെങ്കിലും അവയൊക്കെയും ഫയലുകളിലും നിയമ പുസ്തകങ്ങളിലും കുരുങ്ങിക്കിടക്കുകയാണ്. സർക്കാർ-ജുഡീഷ്യൽ-നിയമപാലക- ഭരണ സംവിധാനങ്ങൾ കർക്കശമായ ചുവടുവെപ്പുകൾ നടത്തിയാൽഈനിയമ-നിർദേശങ്ങൾ പ്രവൃത്തി പഥത്തിലെത്തിക്കാനും ഇത്തരം നിരപരാധികളുടെ പ്രശ്നങ്ങൾ ഒരുപരിധിവരെ പരിഹരിക്കാനുമാവും. കൃത്യമായ ചികിത്സയും മരുന്നും ശരിയായ ഭക്ഷണവും അൽപം ത്യാഗസന്നദ്ധതയോടെ പരിചരിക്കാൻ ഒരാളുമുണ്ടെങ്കിൽ ഏതൊരു കടുത്ത മനോരോഗിയേയും മനുഷ്യനാക്കി മാറ്റിയെടുക്കാൻ നിഷ്പ്രയാസം സാധിക്കും.

## കുടുംബം കുഞ്ഞിന്റെ അവകാശം

1990 ഏപ്രിൽ ഒന്നുമുതൽ 2009 മാർച്ച് 31 വരെയുള്ള പത്തൊമ്പതുവർഷം കേരളത്തിലെ അംഗീകൃത ദത്തുകേന്ദ്രങ്ങളിൽനിന്ന് 4865 കുട്ടികളെയാണ് രക്ഷിതാക്കൾ നിറമനസ്സോടെ ഏറ്റുവാങ്ങിയത്. അതിനുശേഷം, ഈ വർഷം ഇതുവരെ അഡോപ്ഷൻ കോ-ഓർഡിനേറ്റിങ് ഏജൻസിയിൽ നിന്ന് നൂറ്റിപ്പത്തും മറ്റ് അംഗീകൃത കേന്ദ്രങ്ങളിൽനിന്ന് നാല്പതോളം കുട്ടികൾക്കും രക്ഷാകർതൃത്വം ലഭിച്ചു. ഇതുകൂടി ചേർക്കുമ്പോൾ ഇരുപതാണ്ടിനിടെ അയ്യായിരത്തിലേറെ കുട്ടികൾക്ക് സുരക്ഷിതമായ ജീവിതം ലഭിച്ചു എന്നു കാണാം. പ്രതീക്ഷാ നിർഭരമാണ് ദേശീയതലത്തിലെ കണക്കെടുപ്പും. 2001 മുതലുള്ള എട്ടുവർഷംകൊണ്ട് 27,191 കുട്ടികളാണ് ദത്തെടുക്കപ്പെട്ടത്. ദത്തെടുക്കാനെത്തുന്നവർക്ക് പ്രിയം പെൺ കുഞ്ഞുങ്ങളോടാണെന്ന് കേരളം സാക്ഷ്യപ്പെടുത്തുന്നു.

## വിശപ്പും പോഷകാഹാര ദൗർലഭ്യവും ദേശീയ അപമാനം

ഇന്ത്യയിൽ അഞ്ചുവയസ്സിനു താഴെ പ്രായമുള്ള 42 ശതമാനം കുട്ടികൾ പോഷകാഹാര കുറവു മൂലം വളർച്ച മുരടിച്ചവരാണെന്ന് സർവേ റിപ്പോർട്ട്. വളർച്ച മുരടിച്ച കുട്ടികളിൽ തന്നെ 59 ശതമാനം പേർ വളരെ ഗുരുതരമായ വളർച്ച മുരടിപ്പിനെയാണ് നേരിടുന്നതെന്നും റിപ്പോർട്ട് വെളിപ്പെടുത്തുന്നു. 2004ൽ നടന്ന സമാനമായ സർവേയിൽ ഇത്തരം കുട്ടികൾ 53 ശതമാനമാണെന്ന് കണ്ടെത്തിയിരുന്നു. സാർവത്രികവും നിയമാ ധിഷ്ഠിത വുമായ പൊതു വിതരണ സംവിധാനത്തിലൂടെ മാത്രമേ പാവപ്പെട്ടവരുടെ വിശപ്പടക്കാൻ പര്യാപ്തമായ റേഷ നിംഗ് നടപ്പാക്കാനാവൂ എന്നാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യയെക്കുറിച്ച് ചിന്തിക്കുമ്പോഴും ലഭിക്കുന്ന സൂചന. വളർച്ച മുരടിച്ച പൗരൻമാരുടെ രാഷ്ട്രമായി മുദ്രകുത്തപ്പെടാതിരിക്കാൻ ഭക്ഷ്യസുരക്ഷാ ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ സത്വരനടപടികൾക്ക് സന്നദ്ധമാവണം.

## കേരളത്തിൽ എച്ച് ഐ വി ബാധിതർ കൂടുതൽ പാലക്കാട്ടും തൃശൂരും.

. പാലക്കാട് ജില്ലയുടെ തമിഴ്നാടിനോടു ചേർന്നുള്ള ചിറ്റൂർ, ആലത്തൂർ താലൂക്കുകളിലാണ് എയ്ഡ്സ് രോഗികൾ കൂടുതലുള്ളത്. ചിറ്റൂർ താലൂക്കിലെ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ നൂറിലൊരാൾ എച്ച് ഐ വി ബാധിതനാണ്. തമിഴ്നാട്ടിൽ എച്ച് ഐ വി ബാധിതർ കൂടുതലുള്ള കോയമ്പത്തൂരുമായുള്ള സാമീപ്യമാവാം ഇതിനു കാരണം.സംസ്ഥാനത്തെ ഗർഭിണികളിൽ പതിനായിരത്തിൽ ഏഴുപേർ എച്ച് ഐ വി ബാധിതരാണ്. കഴിഞ്ഞ വർഷം എച്ച് ഐ വി ബാധിച്ച 86 ഗർഭിണികളെ കണ്ടെത്തി. കേരളത്തിലെ എയ്ഡ്സ് രോഗികളിൽ 60% പേരും സംസ്ഥാനത്തിനു പുറത്തു ജോലി ചെയ്തവരാണ്. പ്രവാസി ജീവിതം കേരളത്തിൽ എച്ച്ഐവി വ്യാപനത്തിനു കാരണമാകുന്നു എന്നാണു കണ്ടെത്തൽ.

ജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന വിധത്തിൽ പാഠ്യക്രമം പരിഷ്കരിക്കണം. യോഗ്യരായ പ്രഫഷനലുകളെ നിയമിച്ച് മാതൃ-ശിശു മരണ നിരക്ക്, ജനന നിയന്ത്രണം, ആയുർദൈർഘ്യം തുടങ്ങിയ മേഖലകളിൽ തമിഴ്നാട് മുന്നേറിയതായി കണക്കാക്കപ്പെടുന്നു.

## ഭ്രൂണഹത്യയ്ക്ക് നിയമത്തിന്റെ പിൻബലം: ശ്രീലങ്കൻസഭ പ്രതിഷേധിക്കുന്നു.



അബോർഷന് നിയമസാധുത നൽകുവാനുള്ള ഗവൺമെന്റിന്റെ നീക്കത്തിനെതിരെ ശ്രീലങ്കൻ ബിഷപ്സ് കോൺഫ്രൻസ്. ആഗ്രഹിക്കാത്ത കുഞ്ഞുങ്ങളെ മാത്രം വധിക്കാം എന്നു പറഞ്ഞുകൊണ്ടാണ് ഗവൺമെന്റ് നിയമമിറക്കുന്നത്.

കൊലപാതകത്തിന് നിയമപരമായ പിൻബലം നൽകുന്നത് ഏതുസാഹചര്യത്തിലും അനുവദനീയമല്ല എന്നാണ് മെത്രാൻ സമിതി ഇതിനെതിരെ പ്രഖ്യാപിച്ചത്. കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നില്ലെങ്കിൽ മനുഷ്യവംശം തന്നെ അപകടത്തിലാകും. ശ്രീലങ്കയിൽ അബോർഷൻ നിയമവിരുദ്ധമായിരുന്നു. എന്നാൽ അടുത്തിടെയാണ് ഫാമിലി ഹെൽത്ത് ബ്യൂറോ ഭ്രൂണഹത്യ ചെയ്യേണ്ട സാഹചര്യങ്ങൾ അതിക്രമിക്കുന്നു എന്ന രീതിയിൽ ഗവൺമെന്റിന് റിപ്പോർട്ട് നൽകിയത്.

നിയമവിരുദ്ധമായിട്ടും ശ്രീലങ്കയുടെ തലസ്ഥാനമായ കൊളംബോയിൽ തന്നെ 500 ഓളം ഭ്രൂണഹത്യകളാണ് ഒരു ദിവസം നടക്കുന്നത്. ഈ സാഹചര്യത്തിലാണ് അബോർഷൻ നിയമസാധുത നൽകുവാനുള്ള ശ്രമങ്ങൾ നടക്കുന്നത്.

## ആഫ്രിക്കയിൽ പട്ടിണി; അനുദിനം മരിച്ചു വീഴുന്നത് ഇരുനൂറിലധികം കുഞ്ഞുങ്ങൾ

ആഫ്രിക്കയിൽ ദാരിദ്ര്യം മൂലം അനുദിനം ഇരുനൂറിലധികം കുഞ്ഞുങ്ങളാണ് മരിച്ചു വീഴുന്നതെന്ന് ഔദ്യോഗിക പഠനം. കഴിഞ്ഞ അമ്പതുവർഷത്തിൽ ഒരിക്കൽപോലും ഉണ്ടായിട്ടില്ലാത്ത കഠിന വരൾച്ചയാണ് ആഫ്രിക്ക ഈ നാളുകളിൽ നേരിടുന്നത്. സോമാലിയയും എത്യോപ്യയുമാണ് ഏറെ ദുരിതം അനുഭവിക്കുന്നത്. ധാരാളം മനുഷ്യാവകാശ സംഘടനകൾ ഇവിടെ പ്രവർത്തനനിരതരായിട്ടുണ്ടെങ്കിലും കഴിഞ്ഞ വർഷം മാത്രം അമ്പതിനായിരത്തോളം കുഞ്ഞുങ്ങളാണ് ആഫ്രിക്കയിൽ പട്ടിണിമൂലം മരിച്ചത്. അന്തർദേശീയ മനുഷ്യാവകാശ സംഘടനകളെല്ലാം ഈ ഔദ്യോഗിക കണക്കുകളെ ശരിവയ്ക്കുന്നുണ്ട്. ആഗോള സമൂഹം മരണങ്ങൾ ഒഴിവാക്കാനാകും.


## North Carolina bishop, laity protest play portraying Mary as lesbian

CHARLOTTE: Led by Bishop Peter J. Jugis, Catholics in the Charlotte Diocese were protesting a newly opened play for its "gravely offensive" portrayal of Mary as a lesbian and its mocking of the virgin birth. "The Most Fabulous Story Ever Told," which opened at the Blumenthal Performing Arts Center in Charlotte, also retells the Creation story with two homosexual couples. "The implication that the Blessed Virgin Mary is a lesbian is gravely offensive to Catholics and to all Christians, who hold Mary in the highest regard as the mother of the Savior," Bishop Jugis wrote in a letter to the performing arts center.

## Lent marks renewed effort to bring Catholics back to church

WASHINGTON: Just as they have during the season of Advent in recent years, some U.S. dioceses make concerted efforts at Lent to invite Catholics who have stopped going to church back into the fold. Some dioceses have reported success with the "Catholics Come Home campaign, while others have set their focus on using the sacrament of reconciliation during Lent to draw Catholics back who have drifted away from the practice of their faith

## Lent is time to help others spiritually, materially, pope says



VATICAN CITY :In his Lenten message, Pope Benedict XVI called on the faithful to be concerned for one another and "not to remain isolated and indifferent" to the fate of others. Materialism and a sense of self-sufficiency are obstacles to a Christian life of charity, the pope said. Instead of looking first to God and then to the well-being of others, people often have an attitude of "indifference and disinterest born of selfishness and masked as a respect for 'privacy.'" He said that God's commandment to love "demands that we acknowledge our responsibility toward those who, like ourselves, are creatures and children of God."

## Catholic MP: thousands of Christians may be killed if Assad regime falls

A Catholic MP has said that if the Syrian president Bashar al-Assad's regime falls then thousands of Christians in the country may be killed. Edward Leigh, the Conservative MP for Gainsborough, said that under the "nasty" regime Christian refugees from Iraq had found "an oasis of relative calm". But following the Arab Spring uprising, he said, suspected rebels had killed a young Christian man. In an article in this week's Catholic Herald, he writes: "A great many have taken refuge in neighbouring Syria in which, despite the heavy-handed nature of its dictatorial regime, Christians (and indeed Jews) have found an oasis of relative calm until hit by the recent stirrings of the Arab Spring.

## Supreme Court to look into raped nun's plea

Bhubaneswar:ACatholic nun gang-raped during sectarian violence in Orissa in 2008 has won the right to cross examine a lower court judge in the Supreme Court for "misrepresenting facts". "We had to file the special leave petition before the apex court to challenge the Orissa High Court's dismissal of her plea to cross-examine Prashant Kumar Das, a sub divisional judicial magistrate," said Manas Ranjan Singh, one of the lawyers of the nun.

## Nuns draw police official to Catholicism

HYDERABAD:: A senior woman police official has said that she became a Catholic impressed by the good work the Church was doing. Aruna Bahaguna, Additional Director General of Police of Andhra Pradesh Special Police, said she was "taken up" when she saw priests and nuns selflessly serving the sickand HIV patients and educating the poor in the remotest villages.

She said "being a Christian has taught me that I should do things differently, as Christ would do. "I see a criminal, my heart goes out to him. What brought him to this state of life, I ponder? "No personis a born criminal. It's often the circumstances that turn a person into an offender," she said. "My



biggest satisfaction is when I am able to reform a criminal," Bahaguna told students of journalism, who included a sister provincial, priests, nuns and lay people at Amruthavani Institute of Mass Communication at a function in Hyderabad. "God laid down the Ten Commandments and any law boils down to them. All laws have their roots in the commandments." Noting that media plays an important role in society, the police official said it is important the media projects what people think about the society and the government.




## Human rights situation in India poor, says global watch body

NEW DELHI: The rights watch body said successive governments have yet to enact adequate laws or implement policies to protect marginalized communities, particularly Dalits, tribal groups, religious minorities, women, and children.

The government routinely "fails to take action" in cases of serious human rights violations, particularly all forms of sexual assault against women,communal violence, enforced disappearances in conflict areas, extrajudicial killings, torture, and increasing attacks on human rights defenders, they said. These issues are compounded by the widespread impunity for abuses and the corresponding problems of access to justice and adequate compensation, they said.

## ഗോഡ്സേ ശരിയെന്നു സ്ഥാപിക്കാൻ ഗാന്ധിചിത്രം ഉപയോഗിക്കുന്നവർ

കാൾ മാർക്സ്വാണു ശരി എന്നു സ്ഥാപിക്കാൻ ക്രിസ്തുവിന്റെ രൂപം പ്രദർശിപ്പിച്ചതു വിവാദമായി. ഇങ്ങനെ വിവാദങ്ങളുണ്ടാകുമ്പോൾ പാർട്ടിക്കു വേണ്ടി സംസാരിക്കാൻ നിയോഗിക്കപ്പെട്ട ക്രൈസ്തവർ സാധാരണ പോലെ പാർട്ടിയെ ന്യായികരിച്ചുകൊണ്ട് രംഗത്തു വന്നു. ക്രിസ്തു വിപ്ലവകാരിയാണ് അതുകൊണ്ട് ക്രിസ്തുവിന്റെ ചിത്രം വയ്ക്കുന്നത് അഭിനന്ദനീയമാണ് എന്ന രീതിയിലായിരുന്നു പ്രതികരണം. ക്രിസ്തു വിപ്ലവകാരിയാണോ അല്ലയോ എന്നതല്ല വിവാദമായത് എന്ന കാര്യം മറച്ച് അവർ നടത്തിയ പ്രചരണം ചില സന്ദർഭങ്ങളിൽ കൂടുതൽ വിവാദങ്ങളിലേക്കു നയിച്ചതായി കണ്ടു.

വിവാദങ്ങളുാകുമ്പോൾ തന്ത്രപരമായി വിവാദത്തിന്റെ വിഷയം മാറ്റിക്കൊണ്ടുവരുക ചിലരുടെ രീതിയാണ് പ്രത്യയശാസ്ത്ര പാർട്ടി അതു പലപ്പോഴും ചെയ്യാറുള്ളതാണ്. മാർക്സാണു ശരി എന്നു സ്ഥാപിക്കാൻ ക്രിസ്തുവിനെ ഉപയോഗിക്കുന്നതിലെ വൈരുദ്ധ്യം മറയ്ക്കാൻ വിപ്ലവത്തിലേക്കു ചർച്ച മാറ്റി വിടുകയായിരുന്നു ഇവിടെ. അതിനു പിറകേ പോയവർ പാർട്ടിയുടെ വിധേയന്മാരായ ക്രൈസ്തവ നേതാക്കളും ചില ശുദ്ധമനസ്കരുമായിരുന്നു.

ക്രിസ്തീയതയേയും ക്രൈസ്തവ വിശ്വാസത്തെയും ഉല്മൂലനം ചെയ്യാൻ ഒരു നൂറ്റാണ്ടു കാലത്തോളം എല്ലാ പീഡനന മുറകളും ഉപയോഗിച്ച പ്രത്യയശാസ്ത്രമാണ് കമ്മ്യൂണിസം. ലക്ഷക്കണക്കിനു ക്രൈസ്തവരെ കരുതികൊടുത്ത അതിന്റെ പതിന്മടങ്ങു വിശ്വാസികളെ നാടുകടത്തിയ പ്രത്യയശാസ്ത്രം. അതുശരിയാണെന്നു സ്ഥാപിക്കാനാണ് ഇപ്പോൾ ക്രിസ്തുവിന്റെ ചിത്രം തന്നെ ഉപയോഗിച്ചിരിക്കുന്നത്. ചിന്താശക്തി പാർട്ടിക്കു പണയം വച്ചവർക്കല്ലാതെ എല്ലാവർക്കും ഇതിലെ യുക്തിരാഹിത്യവും അപകടവും തിരിച്ചറിയാൻ കഴിയും.

ഗോഡ്സേയാണു ശരി എന്നു സ്ഥാപിക്കാൻ ഗാന്ധി ചിത്രം ഉപയോഗിക്കുന്നതുപോലെയുള്ള വൈരുദ്ധ്യാത്മക നിലപാടാണു പാർട്ടിയുടേത് അങ്ങനെ ജനത്തിന്റെ ഇടയിൽ തെറ്റിദ്ധാരണ പരത്തി പാവപ്പെട്ട കുറച്ചു പേരെയെങ്കിലും തങ്ങളുടെ കൂടെ കൂട്ടാമെന്ന് അവർ കരുതുന്നു. മലയാളിയുടെ ചിന്താശക്തിക്കു നേരെയുള്ള പാർട്ടിയുടെ പരിഹാസമാണ് ഈ പ്രദർശനം.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary,
KCBC Commission for Social Harmony and Vigilance,
P.O.C, P.B. No.2251, Palarivattom, Kochi-25, INDIA